ഉത്തരം

(എ) 30.06.1995-ന്.

(ബി) ഉണ്ട്. ആൾമാറാട്ടം നടത്തി ഡിപ്പാർട്ട്മെന്റൽ പരീക്ഷ എഴുതാൻ ശ്രമിച്ച കേസിൽ പ്രതിയായിട്ടുണ്ട്.

(സി)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

114 (1332) കെ.എം. സുബൈദാ ബീവിയുടെ ശമ്പള കുടിശ്ശിക

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലുള്ള എരിമയൂർമിഷൻ എൽ.പി.സ്കൂൾ അദ്ധ്യാപികയായ ശ്രീമതി കെ.എം. സുബൈദാ ബീവി തന്റെ 15.7.1990 മുതൽ 31.7.1991 വരെയുള്ള ശമ്പളം കിട്ടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കുടിശ്ശിക ശമ്പളം നൽകാൻ ആവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഡി) ശമ്പളം നൽകുന്നതിൽ കാലതാമസം ഉണ്ടാകാൻ കാരണം വെളിപ്പെടുത്തുമോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി)-(ഡി) 15.7.90 മുതൽ 31.7.91 വരെയുള്ള ശമ്പളം കിട്ടിയിട്ടില്ലെന്ന ശ്രീമതി. സുബൈദാ ബീവിയുടെ പരാതി 30.8.96-ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. ശ്രീമതി സുബൈദാ ബീവി മേൽ സൂചിപ്പിച്ച കാലയളവിൽ പത്തനംതിട്ട ജില്ലയിലാണ് ജോലി ചെയ്തിരുന്നതെന്നും അവിടത്തെ വിദ്യാഭ്യാസ അധികൃതരാണ് ശമ്പളം നൽകേണ്ടതെന്നും പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതനുസരിച്ച് വേണ്ട നടപടികൾ എടുക്കാൻ 23.10.97-ൽ 43079/എസ്2/97/പൊ.വി. കത്തു പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഡയറക്ടറുടെ 7.10.98-ലെ കത്തിൽ 90-91 സ്കൂൾ വർഷത്തിൽ പത്തനംതിട്ട ജില്ലയിലെ വാളങ്കര എം.റ്റി.എൽ.പി സ്കൂളിലെ ജൂനിയർ അറബിക് പോസ്റ്റ് നഷ്ടപ്പെട്ട അവസരത്തിൽ പ്രസ്തുത സ്കൂളിൽ ജോലി നോക്കിയിരുന്ന ശ്രീമതി സുബൈദാ ബീവിയുടെ ശമ്പളം തടഞ്ഞു വയ്ക്കുകയും അതേ മാനേജ്മെന്റിന്റെ കീഴിലുള്ള ജൂനിയറായ അറബി അദ്ധ്യാപകൻ ശ്രീ. മുഹമ്മദിനു (സെന്റ് തോമസ് മിഷൻ എൽ.പി.എസ്. പാലക്കാട്) ശമ്പളം നൽകുകയും ചെയ്ത നടപടി ശരിയായികാണുന്നില്ല എന്നു സൂചിപ്പിക്കുകയുമുണ്ടായി. ശ്രീ. മുഹമ്മദിനു സർവ്വീസ് ബ്രേക്കില്ലാതെ ശമ്പളം കൊടുക്കുവാൻ ഉത്തരവായത് സർക്കാരാണെന്നും സൂചിപ്പിച്ചിരുന്നു. ആകയാൽ സർക്കാരിന്റെ പ്രസ്തുത ഓർഡർ പരിശോധിച്ചതിനു ശേഷം മാത്രമേ ശ്രീമതി സുബൈദാ ബീവിയുടെ ഫയലിൽ അന്തിമ തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. പരിശോധിക്കുന്നതിനായി പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

ഓർഡറിന്റെ നമ്പരും തീയതിയും ഡി.പി.ഐ. യിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. അതു കിട്ടുന്ന മുറയ്ക്ക് സുബൈദാ ബീവിയുടെ പരാതിയിൽ തീരുമാനമെടുക്കുന്നതാണ്.

115 (1333) റോഡുകളുടെ വികസനത്തിനായി പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീമതി. എൻ. കെ. രാധ :
ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പുതിയ റോഡുകളുടെ നിർമ്മാണമാണ് ഈ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്;

(സി) ഏറ്റെടുത്ത റോഡുകളുടെ ഓരോന്നിന്റെയും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ദേശീയ പാത യിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്;

(എഫ്) നെടുമ്പാശ്ശേരിയിൽ നിന്ന് മൂന്നാർ വഴി കൊഡൈക്കനാലി ലേയ്ക്ക് പുതിയ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ജി) ദേശീയപാത 47-ൽ കൃഷ്ണപുരം മുതൽ ഹരിപ്പാട് വരെ വീതി കൂട്ടുന്ന ജോലി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇതിന് മൊത്തം എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ)-(ഡി) സംസ്ഥാനത്തെ ദേശീയ പാതകളായ എൻ.എച്ച്-47, എൻ. എച്ച് 47-എ, എൻ.എച്ച് 17, എൻ.എച്ച് 49, എൻ.എച്ച് 208 എന്നീ റോഡുകളുടെ വികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് റോഡുകളുടെ വികസനത്തിനായി റോഡു ബലപ്പെടുത്തുന്ന പണികൾ, റോഡ് വീതി കൂട്ടുന്ന പണികൾ, നിലവിലുള്ള പാലങ്ങളുടെ അറ്റകുറ്റപണികൾ, പുതിയ പാലങ്ങളുടെ പണികൾ എന്നിവ ഏറ്റെടുത്തു നടത്തിവരുന്നു. ഇപ്രകാരം 71 പണികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്നുവരുന്നു. ഇതിന്റെ പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ സംസ്ഥാനത്തെ രാജപാതകളേയും പ്രധാന ജില്ലാതല റോഡുകളേയും ഉൾപ്പെടുത്തി ഒരു സ്ട്രാറ്റജിക് ഓപ്ഷൻ പഠനം നടത്തിയതിൽ 2810 കി. മീറ്റർ റോഡുകൾ ആദ്യഘട്ടത്തിൽ വികസിപ്പിക്കേണ്ടതാണെന്ന് കണ്ടിരുന്നു. ഈ റോഡുകളിൽ വിശദമായ സാങ്കേതിക സാമ്പത്തിക പഠനങ്ങൾ നടത്തി

LIBRARY ARCHIVES Kerala Legislative Assembly